(ബി) നിലമ്പൂർ നഗരസഭയിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ആരംഭിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. മത്സ്യഫെഡ് ചെയർമാന് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; സ്ഥലം ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടും നിലമ്പൂരിൽ ഫിഷ് മാർട്ട് തുടങ്ങാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത പ്രൊപ്പോസൽ മത്സ്യഫെഡിന്റെ സജീവ പരിഗണനയിലാണ്.

(സി) മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളിലാണ് നിലവിൽ മത്സ്യഫെഡിന്റെ ഫിഷ് മാർട്ട് ഉള്ളതെന്നും ഇവിടങ്ങളിലേയ്ക്ക് ഏതു കേന്ദ്രത്തിൽ നിന്നാണ് മത്സ്യം വിതരണം ചെയ്യുന്നതെന്നും അറിയിക്കാമോ?

മലപ്പുറത്ത് നിലവിൽ മത്സ്യഫെഡിന് ഫിഷ് മാർട്ടുകളില്ല. സഹകരണ ബാങ്ക്/സംഘങ്ങളുമായി ചേർന്നുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ തേഞ്ഞിപ്പലം, കോട്ടയ്ക്കൽ (പുത്തൂർ) എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥലങ്ങളിലേയ്ക്ക് പൊന്നാനി, താനൂർ, ബേപ്പൂർ, പുതിയാപ്പ എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ നിന്നുള്ള മത്സ്യങ്ങളാണ് വിതരണം ചെയ്യുവരുന്നത്.

വൈപ്പിൻ മണ്ഡലത്തിലെ അക്വാ ടൂറിസം മാസ്റ്റർ പ്ലാൻ

246(552) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ മത്സ്യഫെഡിന്റെ കീഴിലുള്ള ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ?

മാസ്റ്റർ പ്ലാനും പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിനായി GITPAC International (Great India Tourism Planners and Consultant - A Division of Air travel Enterprise India) എന്ന കൺസൾട്ടൻസിയുമായി 10-1-2019-ൽ മത്സ്യഫെഡ് കരാറിലേർപ്പെട്ടിരുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്.

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

1) ഞാറയ്ക്കൽ അക്വാ ടൂറിസം സെന്റർ ആരംഭിക്കുന്ന അതിർത്തി മുതൽ സെന്ററിന്റെ കവാടം വരെ റോഡിന്റെ ഇരുവശങ്ങളിലും തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കുകയും ഇരിപ്പിടങ്ങൾ സ്ഥാപിക്കുകയും ചെയ്യുക

2) കലാപരമായ രീതിയിൽ നിർമ്മിക്കുന്ന ടൂറിസം ഇൻഫർമേഷൻ സെന്ററും റിസപ്ഷനും സ്ഥാപിക്കുക.

3) ലോകോത്തര നിലവാരത്തിലുള്ള നൂതനമായ ടൂറിസം ഉപാധികൾ അവതരിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

4) അക്വാ ടൂറിസം സെന്ററിനു പുറത്ത് സഞ്ചാരികൾക്ക് ഇരുന്ന് വിശ്രമിക്കുവാനായി തണൽ മരങ്ങളും ഇരിപ്പിടങ്ങളും ഒരുക്കുക.

5) കൂടുതൽ പച്ചപ്പുണ്ടാക്കി ആകർഷകമാക്കുക.

6) വൈവിദ്ധ്യമാർന്ന ഭക്ഷണം ലഭിക്കുന്ന രീതിയിൽ ധാരാളം ലഘുഭക്ഷണ ശാലകൾ നിർമ്മിക്കുക.

7) ജലാശയത്തിൽ റെസ്റ്റോറൻറ് സ്ഥാപിക്കുക.

8) ഓഫീസ് കം മിനി കോൺഫറൻസ് ഹാൾ നിർമ്മിക്കുക.

9) ഫാമിനു ചുറ്റും നടന്നു കാണുവാൻ വീതിയുള്ള നടപ്പാതകൾ നിർമ്മിക്കുക.

10) കുട്ടികൾക്ക് ഉല്ലസിക്കുവാനായി വാട്ടർ ഗെയിമുകൾ ഏർപ്പെടുത്തുക.

11) ഭക്ഷണം ഉൾപ്പെടെയുള്ള വൈവിദ്ധ്യമാർന്ന നൂതനമായ ടൂറിസം പാക്കേജുകൾ അവതരിപ്പിക്കുക.

12) ഞാറയ്ക്കലിൽ നിന്നും മാലിപ്പുറത്തേയ്ക്ക് ജലമാർഗ്ഗം വഴി പോകുന്നതിനായി ആവശ്യമായ ഡ്രെഡ്ജിംഗ് ചെയ്ത് ചാൽ ശരിയാക്കുക.

13) മാലിപ്പുറം ഫാമിലെ കണ്ടൽ പാർക്ക് നവീകരിക്കുക.

14) മാലിപ്പുറം ഫാമിന്റെ കവാടത്തിന് വലതുവശത്തായി സന്ദർശകർക്ക് വിശ്രമിക്കുവാൻ ഉതകുന്ന മിനി പാർക്ക് സ്ഥാപിക്കുക.

15) മാലിപ്പുറത്തെ റിസപ്ഷൻ കൗണ്ടർ വികസിപ്പിക്കുക.

16) മാലിപ്പുറത്ത് കവാടത്ത് നിന്നും ടൂറിസം മേഖലയിലേയ്ക്കുള്ള പാത ടൈൽസ് വിരിച്ച് ഭംഗിയാക്കുക.

17) ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളിലെ ബോട്ടുജെട്ടികൾ നവീകരിക്കുക.

18) പാലൂട്ടുന്ന അമ്മമാർക്കായി ഫീഡിംഗ് റൂം സ്ഥാപിക്കുക.

19) പ്രായമായവർക്ക് വിശ്രമിക്കുവാനായി വിശ്രമമുറികൾ സ്ഥാപിക്കുക.

20) അംഗപരിമിതരായവർക്ക് പ്രത്യേക സൗകര്യങ്ങൾ ഒരുക്കുക.

21) മാലിപ്പുറത്ത് ഓഫീസ്/കോൺഫറൻസ് ഹാൾ സ്ഥാപിക്കുക.

22) ഞാറയ്ക്കൽ, മാലിപ്പുറം അക്വാ ടൂറിസം സെന്ററുകളിലെ കാർ പാർക്കിംഗ് ഏരിയ വിപുലീകരിക്കുക.

23) രണ്ട് അക്വാ ടൂറിസം സെന്ററുകളിലും ജലാശയത്തിലേയ്ക്ക് തള്ളി നിൽക്കുന്ന ചെറിയ വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കുക.

24) രണ്ട് അക്വാടൂറിസം സെന്ററുകളിലും ടോയ്ലെറ്റ് കോംപ്ലക്സ് സ്ഥാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മാസ്റ്റർ പ്ലാൻ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി GITPAC International (Great India Tourism Planners and Consultant - A Division of Airtravel Enterprise India) എന്ന കൺസൾട്ടൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമ ഘട്ടത്തിലാണ്.

(ഡി) ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ?

ഇല്ല.

(ഇ) ഇല്ലെങ്കിൽ പ്രാധാന്യം കണക്കിലെടുത്ത് തുക വകയിരുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ടൂറിസം വകുപ്പിൽ നിന്നോ NCDC തുടങ്ങിയ ഏജൻസികളിൽ നിന്നോ ഫണ്ട് കണ്ടെത്താമെന്ന് പ്രതീക്ഷിക്കുന്നു.

മാവേലിക്കര മണ്ഡലത്തിൽ മത്സ്യമാർക്കറ്റുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ

247(553) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് മത്സ്യമാർക്കറ്റുകൾ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തര ഭരണാനുമതി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) മാവേലിക്കര മണ്ഡലത്തിലെ മാങ്കാംകുഴി, താമരക്കുളം, പുതിയകാവ് എന്നീ മത്സ്യമാർക്കറ്റുകൾ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്നതിനായി അംഗീകാരം നൽകിയിരുന്നു. ഇതിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 140.30 ലക്ഷം രൂപയുടെയും താമരക്കുളം മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 193.92 ലക്ഷം രൂപയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത പദ്ധതികളുടെ അപ്രൈസൽ കിഫ്ബി തലത്തിൽ നടന്നുവരുന്നു. പ്രസ്തുത പദ്ധതികളുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി കൈക്കൊള്ളുന്നതാണ്. പുതിയകാവ് മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനുള്ള DPR തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly